ക്രമ നമ്പർ	പദ്ധതിയുടെ പേര്	പദ്ധതി പ്രദേശത്തിന്റെ വിസ്തീർണ്ണം		സാമ്പത്തിക പുരോഗതി		
		ലക്ഷ്യം (ഹെക്ടർ)	നേട്ടം (ഹെക്ടർ)	അനുവദിച്ച തുക (ലക്ഷത്തിൽ)	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
1	പാലക്കാട് പ്രോജക്ട് I	6000	2328	372.25	336.80	135.54
2	പാലക്കാട് പ്രോജക്ട് II	4900	1214	313.60	309.72	91.89
3	വയനാട്	4500	1267	315.47	164.90	89.92
4	തൃശ്ശൂർ	2030	1250	157.59	119.06	119.06
5	മലപ്പുറം	2300	1300	202.50	121.50	120.55
6	ഇടുക്കി	10050	-	403.20	179.35	104.62
	ആകെ	29780	7359	1764.61	1231.33	661.58

10 (3463) റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട്

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീ. എൻ. അനിരുദ്ധൻ :

ശ്രീ. പി. നാരായണൻ :

ശ്രീ. സി.എൻ. ജയദേവൻ :

ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും എന്തെല്ലാം കാര്യങ്ങൾക്ക് വായ്പ അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 1996-ന് ശേഷം ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് ഇതുവരെ എന്തു തുക വായ്പ അനുവദിച്ചിട്ടുണ്ടെന്നും എത്ര റോഡുകൾക്കാണ് അനുവദിച്ചതെന്നും അറിയിക്കുമോ;

(സി) ഈ കാലയളവിൽ മറ്റിനങ്ങളിൽ ഇതുവരെ എന്തു തുക വായ്പ അനുവദിച്ചിട്ടുണ്ട്. ഇനം തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) ഗ്രാമപ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള നബാർഡിന്റെ ആർ.ഐ.ഡി.എഫ്. ഫണ്ടിൽ നിന്നും ഗ്രാമീണ റോഡുകൾ, ചെറുകിട ജലസേചനപദ്ധതികൾ, നീർമറി വികസന പദ്ധതികൾ, കോൾലാന്റ് വികസന പദ്ധതികൾ, ഉൾനാടൻ ജലഗതാഗതം, മണ്ണുസംരക്ഷണം, കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾക്കും പാലങ്ങൾക്കും നബാർഡിന്റെ ആർ.ഐ.ഡി. എഫ്. ഫണ്ടിൽ നിന്നും വായ്പ ഇപ്പോൾ അനുവദിക്കുന്നുണ്ട്.

(ബി) 1996-ന് ശേഷം റോഡുകളുടെ നിർമ്മാണത്തിന് മൊത്തം 44.25 കോടി രൂപ നബാർഡ് 177 റോഡുകൾക്കായി അനുവദിച്ചിട്ടുണ്ട്.

(സി) 1996-97 മുതൽ മറ്റ് ഇനങ്ങൾക്കായി മൊത്തം 205.923 കോടി രൂപ നബാർഡ് അനുവദിച്ചിട്ടുണ്ട്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി	തുക കോടിയിൽ
നിർമറി	25.51
ഇടത്തരം ജലസേചനം	32.87
ചെറുകിട ജലസേചനം	33.133
ഗ്രാമീണ പാലങ്ങൾ	114.41

11 (3464) ജില്ലാ ഗ്രാമവികസന ഏജൻസികളുടെ പുനഃസംഘടന

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ഗ്രാമവികസന ഏജൻസികൾ പുനഃസംഘടിപ്പിക്കുന്നതിന് നിർദ്ദേശങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജില്ലാ ഗ്രാമവികസന ഏജൻസികൾ ജില്ലാ പഞ്ചായത്തിൽ യോജിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

(ബി) ലയനം എപ്രകാരം നടത്തണമെന്നത് സംബന്ധിച്ച അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

12 (3465) ജെ.ആർ. വൈ. പദ്ധതി പ്രകാരം ചെലവഴിക്കുന്ന തുക

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ജെ. ആർ.വൈ. പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയുടെ ഓഡിറ്റിംഗ് ഏത് വകുപ്പിന്റെ ചുമതലയിൽപെട്ടതാണ് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഏതുവർഷം വരെയുള്ള കണക്കുകളാണ് ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ത്രിതല പഞ്ചായത്തുകളിലൂടെ നടപ്പാക്കുന്ന ജെ.ആർ.വൈ. പദ്ധതിയുടെ ഏതേതു വർഷത്തെ ചെലവിനങ്ങൾ ഓഡിറ്റിന് വിധേയമാക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി 1997-98-ൽ എത്ര കോടി രൂപയാണ് കേന്ദ്രസർക്കാർ ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ചത് എന്നും അതിൽ പ്രസ്തുത വർഷം എന്തു തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ കണക്ക് ഓഡിറ്റ് ചെയ്യുന്ന വകുപ്പ് ഇതിന്റെ ചെലവിനങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിക്കാറുണ്ടോ; ആയത് പ്രകാരമുള്ള റിപ്പോർട്ട് സർക്കാരിൽ നൽകാറുണ്ടോ; മറ്റാർക്കെല്ലാമാണ് ഈ റിപ്പോർട്ട് നൽകുന്നത്;

(എഫ്) പ്രസ്തുത വകുപ്പിന്റെ ഓഡിറ്റിൽ കണ്ടുപിടിക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ചാർജ്ജ്-സർചാർജ്ജ് നടപടികൾ സ്വീകരിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly